# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1908 — 06.07.2015-ൽ മറുപടിയ്ക്ക്

**കുറ്റവാളികൾക്കെതിരെ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ക്രിമിനൽ കേസുകളിൽ പ്രതിയായവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിന് സംവിധാനമുണ്ടോ ; | (എ) ക്രിമിനൽ കേസുകളിൽ പ്രതിയായവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കുറ്റവാളികളെ സ്ഥിരമായി നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും, വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് രജിസ്റ്റർ ഓഫ് ആന്റി സോഷ്യൽസിൽ രേഖപ്പെടുത്തുകയും ഇവർക്കെതിരെ Cr.P.C. 107, KAAPA തുടങ്ങിയ നിയമങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ടോ ; | (ബി) ടി സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. |
| (സി) കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ആരംഭിച്ച വിവരസാങ്കേതികവിദ്യാ സഹായ പരിപാടികളുടെ പുരോഗതി വ്യക്തമാക്കുമോ ? | (സി) കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ആരംഭിച്ച വിവരസാങ്കേതികവിദ്യാ സഹായ പരിപാടികളായ Crime Criminal Tracking Network System(CCTNS) & Security Alert System(SAS) എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ